1	2	3
	ചെമ്മനാട് ഗ്രാമപഞ്ചായത്ത്	19-12-2015
	ബേഡഡുക്ക ഗ്രാമപഞ്ചായത്ത്	18-1-2016
	മംഗൽപാടി ഗ്രാമപഞ്ചായത്ത് (2 ഒഴിവുകൾ)	21-12-2015 26-8-2015

അസിസ്റ്റന്റ് എഞ്ചിനീയർ, രണ്ടാം ഗ്രേഡ് ഓവർസീയർ, മൂന്നാം ഗ്രേഡ് ഓവർസീയർ എന്നീ തസ്തികകളിലെ ഒഴിവുകൾ 2014 വർഷാവസാനവും ഒന്നാം ഗ്രേഡ് ഓവർസീയർ ഒഴിവുകൾ 2013 വർഷം മുതലും ഉണ്ടായതാണ്. ഒന്നാം ഗ്രേഡ്, രണ്ടാം ഗ്രേഡ് ഓവർസീയർ തസ്തികകളിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം താത്കാലികമായി നികത്തിയിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിൽ വരുന്ന മുറയ്ക്ക് ഈ ഒഴിവുകളെല്ലാംതന്നെ നികത്തുന്നതാണ്.

ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനായി 4-2-2016-ൽ ഡി.പി.സി. യോഗം ചേരുകയും പ്രൊമോഷൻ മുഖേന ഒഴിവുകൾ നികത്തുന്നതിന് നടപടിക്രമങ്ങൾ പുരോഗമിച്ചുവരികയുമാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിൽ പ്രൊമോഷനെത്തുടർന്ന് ഒഴിവ് നികത്തുന്ന മുറയ്ക്ക് താഴെയുള്ള മറ്റ് തസ്തികകളിലെ ഒഴിവുകൾ കൂടി ഉടർന്ന് പ്രൊമോഷൻ മുഖേന നികത്തുന്നതാണ്.

കാസർഗോഡ് ജില്ലയിൽ ക്ലാർക്ക് തസ്തികയിലുള്ള 12 ഒഴിവുകളിൽ 2 എണ്ണം അന്തർ വകുപ്പ് സ്ഥലംമാറ്റത്തിനും ഒരെണ്ണം ആശ്രിത നിയമനത്തിനും മാറ്റിവച്ചിട്ടുണ്ട്. 4 പേർക്ക് പി.എസ്.സി.യിൽ നിന്നും നിയമന ശിപാർശ ലഭിച്ചിട്ടുണ്ട്. 4 ഒഴിവുകൾ കന്നട-മലയാളം അറിയുന്ന ക്ലാർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ലഭിക്കുന്നതിനായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അഡ്വൈസ് ആയിട്ടില്ല. ഒരൊഴിവ് സസ്പെൻഷനിലുള്ള ക്ലാർക്കിന്റെ ഒഴിവാണ്.

കാസർഗോഡ് ജില്ലയിൽ ചെലവഴിച്ച തുക

273 (1651) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നടപ്പ് സാമ്പത്തിക വർഷം കാസർഗോഡ് ജില്ലയിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് ഇനം തിരിച്ചു വിശദമാക്കാമോ?

ഉത്തരം

അനുബന്ധമായി* ചേർത്തിരിക്കുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly